**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** **11-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; നിലവിൽ എത്ര ആർ.ഐ. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നും അറിയിക്കാമോ; | (എ) | നിലമ്പൂർ താലൂക്കിൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ 04 തസ്തികകൾ ആണ് നിലവിലുള്ളത്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും പ്രസ്തുത തസ്തികയിൽ ജില്ലാടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ഉൾപ്പെടെയുള്ള എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലെയും റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിലെ എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നൽകിയിട്ടുണ്ട്. എന്നാൽ സപ്ലൈകോയിലെ അന്യത്ര സേവനത്തിൽ നിന്നും റിവർട്ട് ചെയ്ത് ടി ജില്ലയിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർ സപ്ലൈകോയിൽ നിന്നും വിടുതൽ ചെയ്ത് യഥാസമയം ജോലിയ്ക്ക് പ്രവേശിക്കാത്തതിനാൽ നിലമ്പൂർ താലൂക്കിൽ റേഷനിംഗ് ഇൻസ്പെക്ടറുടെ 01 തസ്തിക ഒഴിഞ്ഞു കിടക്കുന്നു.. |
| (ബി) | നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇനിയും പരിശോധിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; റേഷനിംഗ് ഇൻസ്പെക്ടർമാരുടെ അഭാവമാണോ അപേക്ഷകൾ യഥാസമയത്ത് പരിശോധിക്കുന്നതിന് തടസ്സമായിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് 2303 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. റേഷനിംഗ് ഇൻസ്പെക്ടറുടെ ഒരു തസ്തിക മാത്രമേ ഒഴിഞ്ഞ് കിടക്കുന്നുള്ളൂ. കോവിഡ് മഹാമാരിയുടെ സാഹചര്യങ്ങളാണ് അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിനും പരിശോധിക്കുന്നതിനും തടസ്സമായി വന്നത്. |
| (സി) | മലപ്പുറം ജില്ലയിലെ ജനസാന്ദ്രത കൂടിയ താലൂക്കെന്നനിലയിൽ നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ ഒഴിഞ്ഞുകിടക്കുന്ന റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ടി താലൂക്കിൽ ഉൾപ്പെടെ നിയമനം നല്കിയിട്ടുള്ളതും സപ്ലൈകോയിൽ നിന്നും വിടുതൽ ചെയ്യാത്തവരുമായ എല്ലാ ജീവനക്കാരെയും അടിയന്തിരമായി വിടുതൽ ചെയ്യുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോയുടെ ബന്ധപ്പെട്ട മേലധികാരിയ്ക്ക് പൊതുവിതരണ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിന് നിലവിൽ സ്വന്തമായി സർക്കാർ വാഹനം ഉണ്ടോയെന്ന് | (ഡി) | നിലവിൽ ഔദ്യോഗിക വാഹനമില്ല. നിലമ്പൂർ താലൂക്ക് സപ്ലൈ ആഫീസിലെ വാഹനം |

| | | | |
|---|---|---|---|
| | അറിയിക്കാമോ; ഇല്ലെങ്കിൽ മലയോര മേഖലയെന്ന പരിഗണനയിൽ അടിയന്തരമായി വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | കാലപഴക്കം ചെന്നു ഉപയോഗ ശൂന്യമായതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ ശുപാർശ പ്രകാരം കണ്ടം ചെയ്തു വിൽപ്പന നടത്തിയിട്ടുള്ളതാണ്. പുതിയ വാഹനം ലഭിക്കുന്നത് വരെ താൽക്കാലികമായി ഒരു ഇലക്ട്രിക് വാഹനം വാടകയ്ക്ക് എടുത്തു ഉപയോഗിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലമ്പൂർ താലൂക്കിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ പ്രകാരം ഇലക്ട്രിക് വാഹനം അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ സാധാരണ വാഹനം വാടകയ്ക്ക് എടുക്കുവാൻ അനുവദിക്കണമെന്നുള്ള നിലമ്പൂർ താലൂക്ക് സപ്ലൈ ആഫീസറുടെ അപേക്ഷ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ